**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1947** **06-07-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ ഓഫീസുകളിലെ കാര്യക്ഷമത ഉറപ്പ് വരുത്താൻ സ്വീകരിക്കുന്ന നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | സർക്കാർ ഓഫീസുകളിലെ കാര്യക്ഷമത ഉറപ്പ് വരുത്താൻ സ്വീകരിക്കുന്ന നടപടികളെ കുറിച്ച് വ്യക്തമാക്കുമോ; | (എ) | സിവിൽ സർവ്വീസ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം പദ്ധതി വേഗത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>ജോലിഭാരത്തിനനുസരിച്ച് തസ്തികകൾ ക്രമീകരിക്കുന്നതിനും അധിക തസ്തികകൾ കണ്ടെത്തുന്നതിനുമായി വകുപ്പുതല സമിതികൾ രൂപീകരിക്കുന്നതിന് 23.03.2022 ലെ സ.ഉ(കൈ) നം. 2/2022/ഉഭപവ പ്രകാരം എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകുകയും അതൊടൊപ്പം സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള വകുപ്പുകളിലെ ഫയൽ നീക്കത്തിന്റെ തട്ടുകൾ നിജപ്പെടുത്തികൊണ്ടും സ.ഉ(കൈ)നം.4/2022/ഉഭപവ തീയതി. 28.04.2022 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>പൊതുഭരണ സെക്രട്ടേറിയറ്റിലെ ജീവനക്കാരുടെ കർമ്മശേഷിയും കാര്യ നിർവ്വഹണ പ്രാപ്തിയും വർദ്ധിപ്പിയ്ക്കുന്നതിനായി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന് കീഴിലുള്ള മികവിന്റെ കേന്ദ്രത്തിന്റെ (CEAS- Centre of Excellence in Administrative Secretariat) ആഭിമുഖ്യത്തിൽ On the Job Training നിരന്തരം സംഘടിപ്പിച്ച് വരുന്നു.<br><br>സംസ്ഥാനത്തെ സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിനും ആധുനികവൽക്കരിക്കുന്നതുമായി ബന്ധപ്പെട്ട് നാലാം ഭരണ പരിഷ്കാര കമ്മീഷൻ തയ്യാറാക്കിയ റിപ്പോർട്ടുകൾ പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ഇതിൽ 5 റിപ്പോർട്ടുകളിന്മേൽ |

| | | | |
|---|---|---|---|
| | | | ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുമുണ്ട്. മറ്റ് റിപ്പോർട്ടുകളിലെ ശിപാർശകൾ പരിശോധന ഘട്ടത്തിലാണ്.<br><br>എല്ലാ സംസ്ഥാന സർക്കാർ ജീവനക്കാർക്കും പരിഷ്കരിച്ച സംസ്ഥാന പരിശീലന നയപ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (IMG) മുഖേന പരിശീലനം നൽകിവരുന്നു.<br><br>ഫയൽ നീക്കം വേഗത്തിലാക്കുന്നതിനായി സെക്രട്ടേറിയറ്റിൽ പൂർണ്ണമായും ഇലക്ട്രോണിക് ഫയൽ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് ഓഫീസുകളിൽ ഇലക്ട്രോണിക് ഫയൽ സംവിധാനം നടപ്പിലാക്കുന്നതിന്റെ നടപടികൾ കേരള സംസ്ഥാന എ‍ൈ.ടി മിഷന്റെ നേതൃത്വത്തിൽ പുരോഗമിച്ചു വരുന്നു.<br><br>വിവിധ വകുപ്പുകൾ നൽകുന്ന സേവനങ്ങൾ "e-സേവനം" എന്ന കേന്ദ്രീകൃത സർവ്വീസ് പോർട്ടലിലൂടെയും "m-സേവനം" എന്ന മൊബൈൽ ആപ്ലിക്കേഷനിലൂടെയും പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ ഓഫീസുകൾ കയറിയിറങ്ങാതെ തങ്ങളുടെ വീട്ടുകളിൽ ഇരുന്നു തന്നെ സർക്കാർ സേവനങ്ങൾ ലഭിക്കുന്നതിന് പ്രസ്തുത സംവിധാനം ഉപയോഗപ്രദമാകുന്നു. അപേക്ഷയിൽ തീരുമാനം എടുക്കുന്നതിലുണ്ടായിരുന്ന കാലവിളംബം ഇല്ലാതാക്കാനും ഇടനിലക്കാരെ ഒഴിവാക്കാനും അഴിമതി ഇല്ലാതാക്കുന്നതിനും ഈ ഓൺലൈൻ സംവിധാനങ്ങൾ വലിയ അളവിൽ പ്രയോജനപ്പെടുന്നു. |
| (ബി) | വകുപ്പുകളുടെ വെബ്സൈറ്റുകൾക്ക് കാലാനുസരണം മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | വെബ്സൈറ്റുകൾ വികസിപ്പിക്കുന്ന തും പരിപാലിക്കുന്നതും സംബന്ധിച്ച് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച മാനദണ്ഡങ്ങൾ പാലിക്കുന്നതിന് എല്ലാ വകുപ്പ് മേധാവികൾക്കും സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | സർക്കാർ ഓഫീസുകളിൽ ഫോൺ മുഖാന്തിരം പൊതുജനങ്ങൾ ബന്ധപ്പെടുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | ബുദ്ധിമുട്ടുകൾ ഉള്ളതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രധാനപ്പെട്ട ചില ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനവും പബ്ളിക് റിലേഷൻസ് ഓഫീസർമാരുടെ സേവനവും നിലവിലുണ്ട്. |
| (ഡി) | എല്ലാ വകുപ്പുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം നിലവിലുണ്ടോ; എല്ലാ വകുപ്പുകളിലും പബ്ലിക് റിലേഷൻസ് ഓഫീസർമാർ നിലവിലുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | ബുദ്ധിമുട്ടുകൾ ഉള്ളതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രധാനപ്പെട്ട ചില ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനവും പബ്ളിക് റിലേഷൻസ് ഓഫീസർമാരുടെ സേവനവും നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ